**കേരള സർക്കാർ**

സംഗ്രഹം

മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റേയും പീഡിയാട്രിക് നെഫ്രോളജി വിഭാഗം വകുപ്പ തലവന്റേയും പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **1890/2018/ധന.** തിരുവനന്തപുരം, തീയതി **12.03.2018**

---

പരാമർശം - മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 26.02.2018 ലെ എ 1/5886/2018/മെ.വി.കാ നമ്പരായുള്ള കത്ത്.

**<u>ഉത്തരവ്</u>**

"Pediatric Renal Biology Program : Research on Nephrolic Syndrome" (Nephquest) study - യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്നതിനുവേണ്ടി എസ്.ബി.ഐ.യുടെ മെഡിക്കൽ കോളേജ് ശാഖയിൽ പ്രിൻസിപ്പളിന്റെയും പീഡിയാട്രിക് നെഫ്രോളജി വിഭാഗത്തിലെ വകുപ്പ തലവന്റേയും പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി, മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റേയും പീഡിയാട്രിക് നെഫ്രോളജി വിഭാഗം വകുപ്പ തലവന്റേയും പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. CSS ഫണ്ടുകൾ കൈമാറുന്നതുമായി ബന്ധപ്പെട്ട് 08.12.2014 ലെ സ.ഉ. (പി). നം. 533/2014/ധന ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം, 695 011

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ